## പതിമൂന്നാം കേരള നിയമസഭ

### പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3447 | 29.01.2014 ൽ മറുപടിയ്ക്ക് |
|---|---|

### 'നിർഭയ ' ഷെൽട്ടറുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ഡി. സതീശൻ<br>,, എ.പി. അബ്ദുള്ളക്കുട്ടി<br>,, സണ്ണി ജോസഫ്<br>,, പാലോട് രവി | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും<br>വകുപ്പു മന്ത്രി) |
| (എ) 'നിർഭയ' ഷെൽട്ടറുകൾ ആരംഭിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) ഉണ്ട്. തിരുവനന്തപുരം, പത്തനംതിട്ട, കോട്ടയം,എറണാകുളം, കോഴിക്കോട്, വയനാട്, കാസർഗോഡ് ജില്ലകളിൽ പുതിയ നിർഭയ ഷെൽട്ടർ ഹോമുകൾ പണിയുന്നതിനായി 2013-14 സാമ്പത്തിക വർഷം 3 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അതിൽ തിരുവനന്തപുരത്ത് 2013 ജനുവരി 23ന് ഷെൽട്ടർ ഹോം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തിയാകുന്നതു വരെയുള്ള പുനരധിവാസ പ്രവർത്തനങ്ങൾക്കായി ഇടുക്കി, എറണാകുളം, പാലക്കാട്, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, വയനാട്, കാസർഗോഡ് ജില്ലകളിൽ സന്നദ്ധ സംഘടനകളുടെ മേൽ നോട്ടത്തിൽ നിർഭയ ഷെൽട്ടർ ഹോമുകൾ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) പീഡനത്തിന് വിധേയരായി സ്വന്തം ഭവനത്തിൽ തുടരുവാൻ കഴിയാത്ത അവസ്ഥയിലുള്ള പെൺകുട്ടികളെയാണ് ഷെൽട്ടർ ഹോമിൽ താമസിപ്പിക്കുന്നത്. പീഡനത്തിന് വിധേയരായ വ്യക്തികൾക്ക് മാനസികാരോഗ്യം വീണ്ടെടുക്കാനും ഇവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരാനും വിദ്യാഭ്യാസത്തിനും തൊഴിൽ പരിശീലനത്തിനും ഉള്ള അവസരം ഒരുക്കുന്നുണ്ട്. കേസിന്റെ കർശനമായ നടത്തിപ്പിനും പീഡിതയുടെ സുരക്ഷിതമായ സംരക്ഷണം ഉറപ്പാക്കുന്നതിനും ഒരു സുരക്ഷിത സ്ഥാനം എന്ന നിലയിലാണ് നിർഭയ ഷെൽട്ടർ ഹോം പ്രവർത്തിക്കുന്നത്. |
| (സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത് ; വിശദമാക്കുമോ; | (സി) ആരോഗ്യ, നിയമ, പോലീസ്, സാമൂഹ്യനീതി, തദ്ദേശസ്വയംഭരണ വകുപ്പുകൾ, സന്നദ്ധ സംഘടനകൾ, ചൈൽഡ് ലൈൻ, ചൈൽഡ് വെൽഫെയർ കമ്മിറ്റി തുടങ്ങിയവർ ഇതുമായി സഹകരിക്കുന്നുണ്ട്. തിരുവനന്തപുരത്ത് കേരള മഹിളാ സമഖ്യാ സൊസൈറ്റിയെയാണ് നിർഭയ ഷെൽട്ടർ ഹോമിന്റെ പ്രവർത്തന ചുമതല ഏൽപ്പിച്ചിരിക്കുന്നത്. |
| (ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാമാണ്? | (ഡി) എല്ലാ ജില്ലകളിലും നിർഭയ ഷെൽട്ടർ ഹോമുകൾ ആരംഭിക്കുന്നതിനായി ജില്ലാ പഞ്ചായത്തുകളോട് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ